രാമവമ്മതമ്പുരാൻ.—എന്താണെ റിക്കാട്ടുള്ളതെന്നു് അനേഷിച്ചു പറയാം.

മിസ്റ്റർ കെ. പി. വള്ളോൻ:—പരമാത്ഥത്തിൽ അതിനു റിക്കാട്ടു നമിലില്ലെന്നാണെ ഞാൻ അറിയുന്നതു്.

രാമവമ്മതമ്പുരാൻ.—റിക്കാട്ടുണ്ടോ ഇല്ലയോ എന്നുള്ളതു് അനേഷിയ്ക്കാതെ പറയാൻ തരമില്ല.

മിസ്റ്റർ എ. ശങ്കരപുതുവാൾ:—എതു സംഖ്യയാണു് അവരെ ഏല്പിച്ചിട്ടുള്ളതെന്നു പറയാമോ?

രാമവമ്മതമ്പുരാൻ:—നോട്ടീസുവേണം.

മിസ്റ്റർ പാലം മാമ്പിള്ളി:—ഈ മകപടി തയ്യാറാക്കിയതു് ആരാണു്?

രാമവമ്മതമ്പുരാൻ:—പ്രൊട്ടക്ടർ.

മിസ്റ്റർ പാലം മാമ്പിള്ളി:—അതു ശരിയാണോ എന്നു് ഫോട്ടോഗ്രാഫീസിൽ വന്നപ്പോൾ നോക്കുകയുണ്ടായോ?

രാമവമ്മതമ്പുരാൻ:—അതു ശരിയല്ലെന്നറിഞ്ഞാൽ മാത്രമല്ലേ അനേഷിയ്ക്കണ്ടതുള്ളു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ:—കെ. പി. വള്ളോൻ എം. എൽ. സി. മുതൽപേരിൽ കെ. പി. വള്ളോൻ കൂടാതെയുള്ള ഒരാളുടെ പേർ പറയാമോ?

രാമവമ്മതമ്പുരാൻ:—നോട്ടീസുവേണം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ:—ന്യായ ത്രുപാ തൊഴിലിനായിട്ടു കൊടുത്തതിനുശേഷം അതുകൊണ്ടു് എന്താണെ പ്രവൃത്തി നടന്നിട്ടുള്ളതെന്നു് ഗവർമ്മെന്റോ ഗവർമ്മെന്റുദ്യോഗസ്ഥന്മാരോ ഏതെങ്കിലും കാലത്തു് അനേഷിച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ:—നോട്ടീസുവേണം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ:—ഈ ത്രുപാ കൊടുത്തതിനുശേഷം അതുകൊണ്ടു് എന്താണെ സാധിച്ചിട്ടുള്ളതെന്നു് ഗവർമ്മെന്റിൽനിന്നും വല്ല പ്പോഴും അനേഷിച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ:—നോട്ടീസുവണം.

Stipend—T. Kochappan, pupil, St. Albert's High School—discontinuance of.

249. മിസ്റ്റർ കെ. പി. വള്ളോൻ:—സെൻറ് ആൽബട്ട്സ് ഹൈസ്കൂളിൽ പഠിക്കുന്ന ടി. കൊച്ചപ്പൻ എന്ന അധഃകൃത വിദ്യാർത്ഥിയുടെ സ്റ്റൈപ്പൻറ നിറുത്തൽ ചെയ്യുവാനുള്ള കാരണമെന്തു്; ടിയാൻ കൊച്ചീക്കാരനോ അല്ലയോ എന്നനേഷിച്ചിട്ടാണോ സ്റ്റൈപ്പൻറ നിറുത്തൽ ചെയ്തിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മതമ്പുരാൻ:—ടി. കൊച്ചപ്പൻ എന്ന അധ്യേതാവിദ്യാർത്ഥി കൊച്ചീക്കാരനല്ലെന്ന് ആക്ഷേപം ഉണ്ടായതുകൊണ്ടു ടിയാൻ കൊച്ചീക്കാരനാണെന്നു തെളിയിപ്പാൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ടിയാന്റെ സ്റ്റൈപ്പൻഡ് നിറുത്തൽ ചെയ്തിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ആക്ഷേപം ശരിയാണോ എന്നുള്ളതു സംരക്ഷണഡിപ്പാർട്ടുമെന്റിലോ പുറമേയോ അന്വേഷിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:—ഡിപ്പാർട്ടുമെന്റിലും പുറത്തും ഒന്നും അന്വേഷിയ്ക്കേണ്ട ആവശ്യമില്ല. ഒരു വിദ്യാർത്ഥി കൊച്ചീക്കാരനല്ലെന്നറിഞ്ഞാൽ അയാളോടു കൊച്ചീക്കാരനാണെന്നുള്ളതിനു സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പറയും. സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ അതു അക്സെപ്റ്റ് ചെയ്യും. ഇല്ലെങ്കിൽ അതിനെക്കുറിച്ചു അന്വേഷണം നടത്തും.

മിസ്റ്റർ കെ. പി. വള്ളോൻ:—അയാൾ സ്കൂളിൽ ചേർന്ന അവസരത്തിൽ കൊച്ചീക്കാരനാണെന്നുള്ളതിനു വല്ല സർട്ടിഫിക്കറ്റും കൊടുത്തിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:—നോട്ടീസുവേണം.

മിസ്റ്റർ കെ. പി. വള്ളോൻ:—അതിനെപ്പറ്റി അന്വേഷണം നടത്താതെയാണോ സംരക്ഷകൻ ആ വിദ്യാർത്ഥിയുടെ സ്റ്റൈപ്പൻഡ് നിറുത്തൽ ചെയ്തിട്ടുള്ളതു?

രാമവർമ്മതമ്പുരാൻ:—കൊച്ചീക്കാരനല്ലെന്നു സംശയം തോന്നിയാൽ അയാൾ തിരുവിതാംകൂർകാരനോ, ബ്രിട്ടീഷ്കാരനോ കൊച്ചീക്കാരനോ എന്നു സാധാരണ എൻക്വയറി നടത്തുന്ന സമ്പ്രദായമുണ്ട്. ഈ വിദ്യാർത്ഥി കൊച്ചീക്കാരനല്ലെന്നു ആക്ഷേപമുണ്ടായിരുന്നതുകൊണ്ടു അതനുസരിച്ചു സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—അദ്ദേഹം കൊച്ചീക്കാരനാണെന്നുള്ളതിനു ഇതിനുമുമ്പു വല്ല തെളിവുകളും കൊടുത്തിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:—അന്വേഷിച്ചുവേണം പറയുവാൻ.

മിസ്റ്റർ കെ. പി. വള്ളോൻ.—എന്റെ അറിവിൽ ഈ സംഗതിയ്ക്കു അദ്ദേഹം ഒരു സർട്ടിഫിക്കറ്റ് കൊടുത്തിട്ടുണ്ട്. അതിനെപ്പറ്റി അന്വേഷിയ്ക്കാതെയാണ് സ്റ്റൈപ്പൻഡ് നിറുത്തൽ ചെയ്തിട്ടുള്ളതു. അതിനു വല്ല പ്രത്യേകകാരണങ്ങളുണ്ടോ?

Dr. A. R. Menon:—What was the objection in allowing this stipend to continue till you ascertain this fact? Now the boy has lost one year.

Rama Varma Tampuran:—Suppose the boy turns out to be a Travancorean.

Dr. A. R. Menon:—Suppose the boy turns out to be a Cochinite?

LIBRARY ARCHIVES Kerala Legislative Assembly

Rama Varmha Tampuran:—He can produce the certificate.

Dr. A. R. Menon:—But the year is lost.

Rama Varmha Tampuran:—Where is the difficulty to produce a certificate? It won't take much time to produce a certificate. He can produce it in 2 or 3 days' time if he wants it—a certificate as to the village in which he is born or as to the village in which he is residing.

Dr. A. R. Menon:—Did the Government ask him to produce a certificate?

Rama Varmha Tampuran:—Yes.

Dr. A. R. Menon:—What was the time allowed?

Rama Varmha Tampuran:—No time was allowed; but he was told that he should produce a certificate that he is a Cochinite. And the moment he produces the certificate he would be paid the arrears of stipend.

മിസ്റ്റർ പി. കുമാരനുണ്ണിത്തഗുരൻ:—ഈ സ്റ്റൈപ്പൻറ നിറുത്തൽ ചെയ്തതു കൊണ്ട് ആ വിദ്യാർത്ഥി പഠിപ്പു നിറുത്തീട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ:—അനേഷിച്ചിട്ടവേണം പറയുവാൻ.

മിസ്റ്റർ പി. കുമാരനുണ്ണിത്തഗുരൻ:— സ്റ്റൈപ്പൻറ നിറുത്തൽ ചെയ്യുന്നതിനുമുമ്പ് സർട്ടിഫിക്കറെ ഹാജരാക്കണമെന്നും അല്ലെങ്കിൽ പഠിപ്പു നിറുത്തുമെന്ന് നോട്ടീസു കൊടുക്കുകയുണ്ടായോ?

രാമവർമ്മതമ്പുരാൻ:—ഒരു കുട്ടി ഈ സ്കോറിച്ചുള്ള ആളല്ലെന്നു വരുമ്പോഴല്ലേ സർട്ടിഫിക്കെറ് ആവശ്യപ്പെടുകയുള്ളു. അതിനുമുമ്പിൽ എങ്ങിനെ നോട്ടീസു കൊടുക്കും? കാരക്ടർ വന്നപ്പോൾ അതിലേയ്ക്ക് സർട്ടിഫിക്കെറ ഹാജരാക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അയാൾ സർട്ടിഫിക്കെറ കൊണ്ടുവരികയാണെങ്കിൽ എപ്പോൾ കൊണ്ടുവന്നാലും അതു സ്വീകരിക്കും. ആ സർട്ടിഫിക്കെറുകൊണ്ട് അയാൾ കൊച്ചിക്കാരനാണെന്നു ബോദ്ധ്യപ്പെട്ടു കഴിഞ്ഞാൽ അയാൾക്ക് അതുവരെയുള്ള സ്റ്റൈപ്പെൻറ കണക്കാക്കി കൊടുക്കുകയും ചെയ്യും.

Dr. A. R Menon:—Should you not make enquiries before you order this stipend?

രാമവർമ്മതമ്പുരാൻ:— എൻക്വയറി നടത്തിയിട്ടില്ല. അതിനാ ആവശ്യമില്ല.

Dr. A. R. Menon:—Why not?

Rama Varmha Tampuran:—When there is a complaint, the student is asked to produce a certificate.

Dr. A. R. Menon:—Before the stipends are offered, certain conditions are to be fulfilled. The Government consider that certain conditions are to be fulfilled before this stipend is offered. Is

LIBRARY ARCHIVES Kerala Legislative Assembly

it not so? Is it not one of the conditions that he should be a Cochinite?

Rama Varmha Tampuran:—Yes. The only condition that should be fulfilled for a depressed class student to get a stipend is that he should belong to the depressed class.

Dr. A. R. Menon:—So, the moment you offer him stipend, it is understood that he is a Cochinite?

Rama Varmha Tampuran:—It is generally understood that when a depressed class student applies for a stipend it is taken that he is a Cochinite and when there is a complaint he is asked to produce a certificate.

Dr. A. R Menon:—So, the position is that the stipend is given and that only when there is complaint enquiries are made.

മിസ്റ്റർ എ. ശങ്കരപുത്തുവാൾ:—സ്റ്റൈപ്പൻറ നിറുത്തിയകാരണത്താൽ ആ കുട്ടി പഠിത്തം നിറുത്തിയോ?

രാമവമ്മതമ്പുരാൻ:—അനേഷിച്ചുവേണം പറയുവാൻ.

Mr. P. V. Subramania Ayyar:—The student is admitted to the school regardless of the place of domicile. So long as he does not receive the stipend, he can continue in the school; but only the stipend is withheld.

മിസ്റ്റർ കെ. അയ്യപ്പൻ:—കംപ്പ്ളയിൻറ് ആരാണ കൊടുത്തത്?

രാമവമ്മതമ്പുരാൻ:—അനേഷിച്ചുവേണം പറയുവാൻ.

മിസ്റ്റർ കെ. അയ്യപ്പൻ:—ആരാണ് സ്റ്റൈപ്പൻറ നിറുത്തുവാൻ റെക്കമൻറ ചെയ്തത്?

രാമവമ്മതമ്പുരാൻ:—കൊച്ചീക്കാരനല്ലെന്ന് ആക്ഷേപം കിട്ടിയപ്പോൾ സ്റ്റൈപ്പൻറ നിറുത്തി.

മിസ്റ്റർ കെ. അയ്യപ്പൻ:—ആര് റെക്കമെൻറ ചെയ്തു?

രാമവമ്മതമ്പുരാൻ:—ആരും റെക്കമെൻറ ചെയ്തിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ:—ആ കംപ്പ്ളയിൻറിൽ എത്ര ആളുകൾ ഒപ്പിട്ടിട്ടുണ്ടായിരുന്നു?

രാമവമ്മതമ്പുരാൻ:—അനേഷിച്ചുവേണം പറയുവാൻ.

മിസ്റ്റർ എ. ശങ്കരപുത്തുവാൾ:—ഈ കുട്ടി ഏതുക്ലാസിലെ വിദ്യാർത്ഥിയായിരുന്നു എന്നു ദയവായി പറയാമോ?

രാമവമ്മതമ്പുരാൻ:—ഏതു ക്ലാസിലാണെന്നു നിശ്ചയമില്ല. സെൻറ് ആൽബർട്ട്സ് ഹൈസ്കൂളിലെ ഒരു വിദ്യാർത്ഥിയെന്നു മാത്രമേ ഇതിൽ പറഞ്ഞിട്ടുള്ളൂ.

മിസ്റ്റർ എ. ശങ്കരപുത്തുവാൾ:—ഇയാൾക്ക് ഗവൺമെൻറിൽനിന്നു് ഏതുകൊല്ലത്തോളം സ്റ്റൈപ്പൻറ കൊടുത്തിരുന്നുവെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ:— നോട്ടീസു കൂടാതെ പറയുവാൻ സാധിയ്ക്കയില്ല.

മിസ്റ്റർ ടി. കെ. നായർ:—ഒരു കംപ്ലയിൻറു കിട്ടിയാൽ അതു ശരിയോ തെറ്റോ എന്നന്വേഷിയ്ക്കാതെ അയാളെ ശിക്ഷിയ്ക്കാമോ?

രാമവമ്മതമ്പുരാൻ.—ഒരാൾ കൊച്ചിക്കാരനാണെന്നുള്ളതിനു സർട്ടിഫിക്കറു ഹാജരാക്കണമെന്നു പറഞ്ഞാൽ അതു ശിക്ഷയല്ല.

മിസ്റ്റർ ടി. കെ. നായർ.—ആ ആക്ഷേപം ശരിയോ തെറ്റോ എന്നു് അതു കിട്ടിയ ഉടനെ നോക്കേണ്ടതുമതല ഗവൺമെൻറിനില്ലേ?

രാമവമ്മതമ്പുരാൻ.—അതു നോക്കുവാനാണു് സർട്ടിഫിക്കറു കൊണ്ടുവരാൻ പറഞ്ഞതു്. സർട്ടിഫിക്കറു കൊണ്ടുവരുന്നതിനു് അത്ര വലിയ കഷ്ടപ്പാടുണ്ടോ? അതിനു വല്ല ചിലവുമുണ്ടോ? വളരെ അധികം സമയം വേണോ?

മിസ്റ്റർ ടി. കെ. നായർ.—ആ ആക്ഷേപം വന്നപ്പോൾ അതിനു വല്ല അടിസ്ഥാനവുമുണ്ടോ എന്നു നോക്കേണ്ടതല്ലേ?

രാമവമ്മതമ്പുരാൻ:—ആക്ഷേപത്തെപ്പറ്റി അന്വേഷിയ്ക്കുവാനാണു സർട്ടിഫിക്കറു് കൊണ്ടുവരുവാൻ പറഞ്ഞിട്ടുള്ളതു്.

ഡാക്ടർ എ. ആർ. മേനോൻ.—എവിടെ നിന്നാണു് ഈ സർട്ടിഫിക്കറു കൊണ്ടുവരേണ്ടതു്?

രാമവമ്മതമ്പുരാൻ.—വില്ലേജുദ്യോഗസ്ഥന്മാരുടേയോ, തഹശീൽദാർമാരുടേയോ, പാവ്വ്യകാരന്മാരുടേയോ ആരുടെ സർട്ടിഫിക്കറായാലും മതി.

മിസ്റ്റർ ടി. കെ. നായർ.—ഒരു വ്യക്തിയെപ്പറ്റി ഒരാക്ഷേപം വന്നാൽ ആ ആക്ഷേപം കിട്ടിയ തീയതി മുതല്ലു് അയാളെ ശിക്ഷിയ്ക്കുകയാണോ പതിവു്?

രാമവമ്മതമ്പുരാൻ.—അതെല്ലാം ആക്ഷേപത്തിൻറെ സമ്പ്രദായം പോലെയിരിയ്ക്കും.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ.—ഒരു കേസു തെളിവിനെടുക്കുന്നതിനുമുമ്പു് ശിക്ഷിയ്ക്കുന്നതുപോലെയല്ലേ ചെയ്തിരിയ്ക്കുന്നതു്?

രാമവമ്മതമ്പുരാൻ.—ഇതിൽ ശിക്ഷയായിട്ടു് യാതൊന്നും ഉണ്ടായിട്ടില്ല.

മിസ്റ്റർ പി. എസ്സു്. കേശവൻ നമ്പൂതിരി.—രക്ഷകർത്താക്കന്മാരോടല്ലേ സർട്ടിഫിക്കറും ആവശ്യപ്പെട്ടിട്ടുള്ളതു്?

രാമവമ്മതമ്പുരാൻ:—വിദ്യാർത്ഥിയോടു്.

മിസ്റ്റർ പി. എസ്സു്. കേശവൻ നമ്പൂതിരി.—രക്ഷിതാക്കന്മാരെ ഈ വിവരം അറിയിച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—വിദ്യാർത്ഥി അവരോടു പറഞ്ഞുകൊള്ളും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി.—അയാൾക്ക് എത്ര വയസ്സായി?

രാമവർമ്മതമ്പുരാൻ.— നിശ്ചയമില്ല. വളരെ ചെറുപ്പമൊന്നുമല്ല. ഹൈസ്കൂൾ വിദ്യാർത്ഥിയാണ്.

മിസ്റ്റർ കെ. പി. വള്ളോൻ.—അയാൾ കൊച്ചീക്കാരനാണെന്നുള്ളതിനു മുമ്പു വല്ല സർട്ടിഫിക്കറും കൊടുത്തു ഹാജരാക്കീട്ടുണ്ടോ എന്നു പറയാമോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിച്ചിട്ടു പറയാൻ തരമില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ.—സ്റ്റൈപ്പെൻറു നിറുത്തൽ ചെയ്തിട്ട് എത്ര കൊല്ലമായി എന്നു പറയുമോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിച്ചുവേണംപറയുവാൻ എന്നു ഞാൻ മുമ്പു മറുപടി പറഞ്ഞു കഴിഞ്ഞു.

മിസ്റ്റർ കെ. പി. വള്ളോൻ.—അയാൾ കൊച്ചീക്കാരനാണെന്നുള്ളതിനു ഹെഡ്മാസ്റ്ററുടെ അടുക്കൽ സർട്ടിഫിക്കറു ഹാജരാക്കിയതിനു ശേഷമാണോ ഈ ഓർഡർ ഉണ്ടായിട്ടുള്ളതെന്നന്വേഷിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അന്വേഷിച്ചുവേണം പറയുവാൻ.

മിസ്റ്റർ കെ. എം. ഇബ്രാഹിം:—ആദ്യം സ്റ്റൈപ്പെൻറു കൊടുക്കുന്നതിനുമുമ്പുതന്നെ സർട്ടിഫിക്കറു വേണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഇതിനെല്ലാം ഞാൻ മുമ്പേ മറുപടി പറഞ്ഞു കഴിഞ്ഞു.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—എല്ലാവർക്കും ഈ തരത്തിലാണോ ചെയ്തുവരുന്നത്.

രാമവർമ്മതമ്പുരാൻ.—നിശ്ചയമില്ല. പക്ഷേ ഡിപ്രസ്ഡ് ക്ലാസ്സിനു ഇങ്ങിനെയാണ്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അങ്ങിനെ ചെയ്യുന്നതിനു വല്ല അർത്ഥവുമുണ്ടോ?

രാമവർമ്മതമ്പുരാൻ.—അർത്ഥമുണ്ടെന്നും വരാം. അർത്ഥമില്ലാതേയും വരാം.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ആരുടെ സർട്ടിഫിക്കറു കൊണ്ടുവരണമെന്നാണ് വിദ്യാർത്ഥിയോടാവശ്യപ്പെട്ടിട്ടുള്ളത്?

രാമവർമ്മതമ്പുരാൻ.—ഇന്ന ആളുടെ സർട്ടിഫിക്കറു കൊണ്ടുവരണം എന്നൊന്നും പറഞ്ഞിട്ടില്ല. അയാൾ കൊച്ചീക്കാരനാണെന്നുള്ളതിനു് ആരുടെ എങ്കിലും സർട്ടിഫിക്കറു കൊണ്ടുവന്നാൽ മതി.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ.—ആരുടെ സർട്ടിഫിക്കറു കൊണ്ടുവന്നാലാണ് തൃപ്തിപ്പെടാവുള്ളത്?

രാമവർമ്മതമ്പുരാൻ.—വില്ലേജു ഓഫീസറന്മാരുടേയോ തഹശീൽദാർമാരുടേയോ പാഠ്യക്രമകാരന്മാരുടേയോ ആയിരുന്നാൽ തൃപ്തിപ്പെടാവുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ.—സ്റ്റാപ്പൻറെ നിയമത്തിയിരിയ്ക്കുന്നതായി ഗവൺമെൻറിൽനിന്നും അയാൾക്കു വല്ല ആഡ്രസും അയച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഗവൺമെൻറിൽനിന്നും യാതൊരു ആഡ്രസും അയച്ചിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പ്രൊട്ടക്ടരുടെ ആഫീസിൽനിന്നും ആഡ്രസയച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—അയച്ചിട്ടുണ്ടായിരിയ്ക്കാം.

മിസ്റ്റർ കെ. പി. വള്ളോൻ.—അങ്ങിനെ അയച്ചിട്ടുണ്ടെങ്കിൽ അതു പ്രകാരം സർട്ടിഫിക്കേറ്റ ഹാജരാക്കിയതിനുശേഷം രണ്ടാമതും മെമ്മോ അയച്ചിട്ടാവശ്യമുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഈ ആക്ഷേപം കിട്ടിയതിനുശേഷം സർട്ടിഫിക്കേറ്റ ഹാജരാക്കിയതായിട്ടു ഗവൺമെൻറിനറിവില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—ഹാജരായിട്ടുണ്ടോ ഇല്ലയോ എന്നു തീച്ചു പറയാമോ?

രാമവർമ്മതമ്പുരാൻ.—എനിയ്ക്കറിവില്ല. എങ്ങിനെയെല്ലാമാണെന്നുള്ളതു് അന്വേഷിയ്ക്കാതെ പറയാൻ തരമില്ല.

മിസ്റ്റർ എം. എ ചാക്കോ.—അധികൃതപ്രതിനിധിയുടെ സർട്ടിഫിക്കേറ്റ് ആണെങ്കിൽ ഗവൺമെൻറു സ്വീകരിയ്ക്കുമോ?

രാമവർമ്മതമ്പുരാൻ.—രൂപത്തിൽപെട്ടതാണെന്നുണ്ടെങ്കിൽ തീച്ചയായും സ്വീകരിയ്ക്കും.

Remission of land tax—petition from the land-holders of Chittur.

250. Mr. A. Eachara Menon:— Will the Government be pleased to state:—

1. whether they are in receipt of a petition from the land-holders of Chittur praying for a remission of land tax;
2. what action have they taken in the matter;
3. will they be pleased to place a copy of the petition on the table ?

Mr. K. Achyuta Menon:— (1) Yes.

(2) The matter is being enquired into.

(3) A copy of the petition is placed on the table. *(Appendix V.)*

Memorial from the land-holders of Chittur.

251. Mr A. Sivarama Menon:— (a) Have the Government recently received a memorial from the land-holders of Chittur

LIBRARY ARCHIVES Kerala Legislative Assembly